ഡിസ്ട്രിക്റ്റ് ഡവലപ്പ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾ എന്നുള്ള നിലയിൽ ഈ പ്രവർത്തനത്തിന്റെ പുരോഗതി ധരിപ്പിക്കണം എന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അതിനെക്കുറിച്ച് അന്വേഷിക്കാം.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഏതെല്ലാം വർക്ക് നടക്കുന്നു എന്ന് ജനപ്രതിനിധികൾ എന്നുള്ള നിലയിൽ ഒന്നറിയിച്ചാൽ എത്ര രൂപ ചെല വഴിക്കുന്നുവെന്നറിയാം. മുൻകൂട്ടി വിവരം അറിയാൻവേണ്ടിയാണ്.

ശ്രീ. കെ. കരുണാകരൻ: വർക്കിന്റെ കാര്യത്തിൽ ഡിസ്പ്യൂട്ടിനു സാദ്ധ്യതയില്ല. ഏതെങ്കിലും വർക്ക് മാറ്റിവയ്ക്കുന്നുവെങ്കിൽ ആ കാര്യങ്ങൾ അറിയിക്കുവാൻ വേണ്ട സംവിധാനമുണ്ടാക്കാം. എല്ലാ വർക്കിനെപ്പറ്റിയും അറിയിക്കുകയെന്നുവച്ചാൽ പ്രയാസമുള്ള കാര്യമാണ്. എന്തായാലും എം. എൽ. എ മാരുമായി ബന്ധപ്പെടുന്നതിനുവേണ്ടി കളക്ടർക്ക് നിർദ്ദേശം കൊടുക്കാം. അതു കാര്യക്ഷമമായി പ്രവർത്തി പ്പിക്കുവാൻ വേണ്ടി ജനപ്രതിനിധികളുടെ സഹകരണം തേടാൻ ആവ ശ്യപ്പെടാം.

(2) കൊട്ടാരക്കരയിൽ ശ്രീനാരായണഗുരുമന്ദിരം തല്ലിത്തകർത്ത തിനെപ്പറ്റി

ശ്രീ. ടി. വി. വിജയരാജൻ: സർ, കഴിഞ്ഞ കുറെ കാലങ്ങളായി നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ശ്രീനാരായണഗുരു മന്ദിരങ്ങൾക്കുനേരെ കുറെ സാമൂഹ്യവിരുദ്ധർ സംഘടിതമായി രാത്രി യിൽ പതിയിരുന്ന് ആക്രമണങ്ങൾ നടത്തി അവയൊക്കെ തല്ലിത്തകർക്കു കയാണ്. കഴിഞ്ഞ അസംബ്ലിയിലും ശ്രീ. എ. വി. താമരാക്ഷൻ ഇതിനെ ക്കുറിച്ച് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയു ണ്ടായി. ഏറ്റവും ഒടുവിലായി കൊട്ടാരക്കരയിലെ ഗുരുമന്ദിരവും—അതാ യത് യൂണിയനാഫീസിന്റെ അങ്കണത്തിൽതന്നെ സ്ഥിതിചെയ്യുന്ന ഗുരുമന്ദിരം—രാത്രി പന്ത്രണ്ടുമണിവരെ പരിപാടികൾ നടത്തി ആളുകൾ പിരിഞ്ഞതിനുശേഷം ഒരു സംഘം ആളുകൾ തല്ലിത്തകർക്കുകയുണ്ടായി. ഇത് നേരെ ചെയ്യാനുള്ള തന്റേടം ഇല്ലാത്തതുകൊണ്ടായിരിക്കാം രാത്രി യിൽ ചെയ്യുന്നത്. നമ്മുടെ അമ്പലങ്ങളിൽ മോഷണം കൂടിവന്നപ്പോൾ ഒരു ടെമ്പിൾസ്കാഡ് ഉണ്ടാക്കി കണ്ടുപിടിക്കാൻ ഗവൺമെന്റ് പരിശ്രമി ക്കുകയും കണ്ടുപിടിക്കുകയും ചെയ്തതുപോലെ സംഘടിതമായി നടത്തുന്ന ഈ ആക്രമണങ്ങൾ കണ്ടുപിടിക്കാൻവേണ്ടിയും ഒന്നുകിൽ ടെമ്പിൾ സ്കാഡിനെ ഏൽപ്പിക്കുകയോ അല്ലെങ്കിൽ പ്രത്യേകിച്ച് ഏതെങ്കിലും പോലീസ് വിഭാഗത്തെ ഏൽപ്പിക്കുകയോ ചെയ്യണം. ഇതൊരു അടിയന്തിരപ്രശ്നമായി കണ്ടുപിടിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഏർപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. വയലാർ രവി): സർ, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ മൂന്നു ജില്ലകളിൽ കഴിഞ്ഞ മൂന്നുനാലു മാസങ്ങൾക്കുള്ളിൽ ചില ഗുരുദേവപ്രതിമകൾക്കുനേരെ കല്ലേറുണ്ടായി. ഒരു പ്രത്യേകമായ കരുതലോടുകൂടിയാണോ ഇത് നടത്തിയിട്ടു ള്ളതെന്ന് സംശയിക്കത്തക്ക രീതിയിലാണ് കല്ലേറും ഗ്ലാസ് പൊട്ടിക്കലും ഉണ്ടായിട്ടുള്ളത്. ഇതിനേക്കുറിച്ച് ആലപ്പുഴയിൽ തന്നെ മൂന്നു പരാതികളുണ്ടാവുകയും ഉടനെ അന്വേഷിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പോലീസിനെ ഏർപ്പാടു ചെയ്യുകയും ചെയ്തുവെങ്കിലും ആളിനെ കണ്ടു പിടിക്കാൻ കഴിയാത്തതുകൊണ്ട് ഉന്നതതലത്തിൽ ചർച്ചകളും നടത്തി, എത്രയുംവേഗം അന്വേഷിച്ച് കണ്ടുപിടിക്കുന്നതിന് ക്രൈം ബ്രാഞ്ചിന്റെ ഒരു പ്രത്യേകവിഭാഗത്തെ, ഒരു ഡി. വൈ. എസ്. പി. യുടെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിരിക്കുകയാണ്. ഗുരുദേവ പ്രതിമകൾക്കു നേരേയും മറ്റു ദേവാലയങ്ങൾക്കു നേരെയുമുള്ള ഈ ആക്രമണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കണമെന്നതുതന്നെയാണ് ഈ ഗവൺമെന്റിന്റെ നയവും. അതിനുവേണ്ടി ഊർജ്ജിതമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇനിയും സ്വീകരിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(3) പയ്യന്നൂർ താലൂക്ക് രൂപീകരിക്കാത്തതിനെപ്പറ്റി

ശ്രീ. എം. വി. രാഘവൻ: സർ, കണ്ണൂർ ജില്ലയിലെ പയ്യന്നൂരിൽ ഒരു താലൂക്കു രൂപീകരിക്കാൻവേണ്ടിയുള്ള പ്രക്ഷോഭണം നടക്കുകയാണ്. അതിന്റെ ഭാഗമായിട്ട് ഇന്ന് അവിടെ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ കക്ഷിയിൽ പെട്ടവരും പയ്യന്നൂരിലും പത്തു പ്രാന്തങ്ങളിലും ഹർത്താലും ബന്തും നടത്തുകയാണ്. കേരളത്തിലെ പല താലൂക്കുകളും ഏതാണ്ട് ജില്ലകളെക്കാളും വലിപ്പമുള്ള താലൂക്കുകളാണ്. ഇതുവരെ വിഭജിച്ചിട്ടില്ല. വിഭജിക്കാനുള്ള പല റിപ്പോർട്ടുകളും ഗവൺമെന്റിന്റെ മുമ്പിലുണ്ടെങ്കിലും അതൊന്നുംതന്നെ പരിഗണിച്ചിട്ടില്ല. കണ്ണൂർ, കാസർകോട് എന്നീ ജില്ലകളുടെ വിഭജനത്തെ തുടർന്ന് പയ്യന്നൂരിന്റെ വൈപുല്യവുമെല്ലാംവച്ചുനോക്കിയാൽ അവിടെയൊരു താലൂക്ക് രൂപീകരിക്കേണ്ടതാണെന്ന് കഴിഞ്ഞകൊല്ലം എല്ലാ പാർട്ടിയിലും പെട്ട ആളുകളും ഇവിടെവന്ന് നിവേദനം നടത്തിയപ്പോൾ മുഖ്യമന്ത്രി അവർക്ക് ഉറപ്പു നൽകിയതാണ്. ആ അടിസ്ഥാനത്തിൽ നോക്കിയാൽ കണ്ണൂർ, കാസർകോട് ജില്ലകളിലെ താലൂക്കുകൾ വിഭജിക്കേണ്ടതാണ്. ഇതൊരടിയന്തിരപ്രാധാന്യമുള്ള സംഗതിയാണ്. അതിന്റെ അടിസ്ഥാനത്തിൽ പയ്യന്നൂരും വിഭജിക്കണം. പയ്യന്നൂരിന്റെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ പറയേതതെന്നെ ഈ സഭയിലിരിക്കുന്ന പലർക്കുമറിയാവുന്നതാണ്. ദേശീയപ്രസ്ഥാനത്തിന്റെ കാലം മുതൽ 1930-ൽ ഉപ്പുസത്യാഗ്രഹത്തിന് വന്നവർ ഇപ്പോഴും വന്നാലും ഏതാണ്ട് അതേ മട്ടിൽ തന്നെയാണ് കാണുക ആ സ്ഥിതിയാണ് അവിടെയുള്ളത്. പയ്യന്നൂർ മുഴുവനും ഇപ്പോഴും സ്തംഭിച്ചിരിക്കുകയാണ്. അവിടെ ബന്ത് നടക്കുകയാണ്. അതിൽ അവിടത്തെ എല്ലാ പാർട്ടികളും പങ്കെടുക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെങ്കിലും ഇതിന് മറുപടി പറയേണ്ടതാണ്. ഇവിടെ നേവൽ അക്കാഡമി വരുമെന്നാണ് പറയുന്നത്. പയ്യന്നൂർ ടൗണിന്റെ വികസനത്തിന് അവിടെ ഒരു ഹെഡ്കാർട്ടേഴ്സെങ്കിലും ആവശ്യമാണ്. ഇപ്പോഴും നേവൽ അക്കാഡമിയുടെ കാര്യം സംശയമാണ്. പത്രറിപ്പോർട്ടുകളും ഉണ്ട്. മുഖ്യമന്ത്രി ഉറപ്പിച്ചുപറയുന്നുണ്ട്, അവിടെ നേവൽക്കാഡമി വരുമെന്ന്. പ്രധാനമന്ത്രി വന്നിട്ടും അവിടം സന്ദർശിച്ചില്ല. ആ പട്ടണത്തിന്റെ സൗകര്യം കൂട്ടേണ്ടതാണ്. അതുപോലെ പല ഓഫീസുകളും അവിടെ വരേണ്ടതായിട്ടുണ്ട്. ഈ പ്രദേശത്തിന്റെ വികസനം അടിയന്തിരപ്രാധാന്യമുള്ളതാണ്. കേരളത്തിലെ മറ്റു താലൂക്കുകളും വിഭജിച്ചതുപോലെ പയ്യന്നൂരിനേയും വിഭജിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

മി. സ്പീക്കർ: ഇതിന്റെ മറുപടി മന്ത്രി പിന്നീട് പറയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly